ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-16

# നിയമവിധികൾ

● ഇ.സി സൈമൺ മാസ്റ്റർ

**മൂസാ** നബി വഴി ലഭിച്ചതും തൗറാത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ശിക്ഷാവിധികൾ ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങളുമായി പലകാര്യങ്ങളിലും യോജിക്കുന്നു. വിവാഹബന്ധം നിരോധിക്കപ്പെട്ടവരെ ഖുർആൻ എടുത്തു കാണിക്കുന്നത് ഇപ്രകാരം:

“നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തിരുന്ന സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത് - മുമ്പ് നടന്നുകഴിഞ്ഞതല്ലാതെ, തീർച്ചയായും അത് മ്ലേച്ഛമാണ്; വെറുക്കപ്പെട്ടതും ദുർമാർഗവുമാണ്.

നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരീ പുത്രിമാർ, നിങ്ങളെ മുലയൂട്ടിയ പോറ്റമ്മമാർ, മുലകുടി ബന്ധത്തിലെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവരെ വിവാഹം ചെയ്യൽ നിങ്ങൾക്കു നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾ ശാരീരിക ബന്ധത്തിലേർപ്പെട്ട നിങ്ങളുടെ ഭാര്യമാരുടെ, നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരെയും നിങ്ങൾക്കു വിലക്കിയിരിക്കുന്നു. അഥവാ, നിങ്ങളവരുമായി ശാരീരിക ബന്ധത്തിലേർപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങൾക്കതിൽ തെറ്റില്ല. നിങ്ങളുടെ ബീജത്തിൽ ജനിച്ച പുത്രന്മാരുടെ ഭാര്യമാരെയും നിങ്ങൾക്കു നിഷിദ്ധമാക്കിയിരിക്കുന്നു. രണ്ടു സഹോദരിമാരെ ഒരുമിച്ചു ഭാര്യമാരാക്കുന്നതും വിലക്കപ്പെട്ടതുതന്നെ-നേരത്തെ സംഭവിച്ചതൊഴികെ. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

ഭർത്തൃമതികളായ സ്ത്രീകളും നിങ്ങൾക്കു നിഷിദ്ധമാണ്. ഇതെല്ലാം നിങ്ങൾക്കുള്ള ദൈവിക നിയമമാണ്. ഇവരല്ലാത്ത സ്ത്രീകളെയെല്ലാം വിവാഹമൂല്യം നൽകി നിങ്ങൾക്കു കല്യാണം കഴിക്കാവുന്നതാണ്” (4: 22-24).

തൗറാത്തിൽ പറയുന്നത് ഇങ്ങനെ: “നിങ്ങളിൽ ആരും തന്റെ ചാർച്ചക്കാരുടെ നഗ്നത അനാവൃതമാക്കാൻ അവരെ സമീപിക്കരുത്. ഞാനാണ് കർത്താവ്. നിന്റെ മാതാവിന്റെ നഗ്നത അനാവൃതമാക്കി നിന്റെ പിതാവിനെ അപമാനിക്കരുത്. അവൾ നിന്റെ അമ്മയായതുകൊണ്ടും അവളുടെ നഗ്നത അനാവൃതമാക്കരുത്. നിന്റെ പിതാവിന്റെ ഭാര്യയുടെ നഗ്നത നീ അനാവൃതമാക്കരുത്. അത് നിന്റെ പിതാവിന്റെ തന്നെ നഗ്നതയാണ്. നിന്റെ സഹോദരിയുടെ-നിന്റെ പിതാവിന്റെയോ മാതാവിന്റെയോ പുത്രിയുടെ, അവൾ സ്വദേശത്തോ അന്യദേശത്തോ ജനിച്ചവളാകട്ടെ-നഗ്നത അനാവൃതമാക്കരുത്. നിന്റെ മകന്റെ മകളുടെയോ മകളുടെ മകളുടെയോ നഗ്നത നീ അനാവൃതമാക്കരുത്. കാരണം, അവരുടെ നഗ്നത നിന്റെ തന്നെ നഗ്നതയാണ്. നിന്റെ പിതാവിന്റെ ഭാര്യയിൽ അവനു ജനിച്ച മകൾ നിന്റെ സഹോദരിയാണ്; നീ അവളുടെ നഗ്നത അനാവൃതമാക്കരുത്. നിന്റെ പിതാവിന്റെ സഹോദരിയുടെ നഗ്നത നീ അനാവൃതമാക്കരുത്. അവൾ നിന്റെ പിതാവിന്റെ അടുത്ത ചാർച്ചക്കാരിയാണ്. നിന്റെ മാതാവിന്റെ സഹോദരിയുടെ നഗ്നത നീ അനാവൃതമാക്കരുത്. അവൾ നിന്റെ മാതാവിന്റെ അടുത്ത ചാർച്ചക്കാരിയാണ്. നിന്റെ പിതൃസഹോദരനെ അവന്റെ ഭാര്യയുടെ നഗ്നത അനാവൃതമാക്കി അപമാനിക്കരുത്. അവൾ നിന്റെ ചാർച്ചക്കാരിയാണ്. നിന്റെ മരുമകളുടെ നഗ്നത നീ അനാവൃതമാക്കരുത്. കാരണം, അവൾ നിന്റെ പുത്രന്റെ ഭാര്യയാണ്. അവളുടെ നഗ്നത നീ അനാവൃതമാക്കരുത്. നിന്റെ സഹോദരന്റെ ഭാര്യയുടെ നഗ്നത നീ അനാവൃതമാക്കരുത്. അത് നിന്റെ സഹോദരന്റെ നഗ്നതയാണ്. ഒരു സ്ത്രീയുടെയും അവളുടെ തന്നെ മകളുടെയും നഗ്നത നീ അനാവൃതമാക്കരുത്. അവളുടെ പുത്രന്റെയോ പുത്രിയുടെയോ മകളുടെ നഗ്നത നീ അനാവൃതമാക്കരുത്. അവർ അവളുടെ അടുത്ത ചാർച്ചക്കാരികളാണ്. അത് അധർമമാണ്. ഭാര്യ ജീവിച്ചിരിക്കുമ്പോൾ അവളുടെ സഹോദരിയുടെ നഗ്നത അനാവൃതമാക്കി അവളെ നീ പരിഗ്രഹിക്കരുത്” (ലേവ്യർ: 18: 6-18).

### ദൈവികസന്ദേശം

**ഖു**ർആൻ ദൈവത്തിൽനിന്ന് അവതരിച്ചതാണെന്ന് പറഞ്ഞാൽ പലരും ചോദിക്കും: അദൃശ്യനായ ദൈവം പുസ്തകം ഇറക്കിക്കൊടുക്കുന്നതെങ്ങനെ? എന്നാൽ ദൈവം മനുഷ്യരുമായി ഇടപെട്ടതിന് ധാരാളമുണ്ട് ഉദാഹരണങ്ങൾ. അതിൽ ഒന്നാണ് മറിയത്തിന്റെ മകനായി പിതാവില്ലാതെയുള്ള യേശുവിന്റെ ജനനം. പുരുഷബന്ധമില്ലാത്ത മറിയത്തിന് ഒരു പുത്രൻ ജനിക്കുമെന്ന സദ്വാർത്ത അറിയിച്ചത് ദൈവത്തിന്റെ ദൂതനായി വന്ന ഗബ്രിയേൽ മാലാഖയായിരുന്നു. അത് അങ്ങനെ സംഭവിക്കുകയും ചെയ്തു. ബൈബിളും ഖുർആനും രേഖപ്പെടുത്തിയിട്ടുള്ളതാണിത്. സന്തതികളില്ലാതിരുന്ന അബ്രാഹത്തിനും സക്കറിയാ പ്രവാചകന്നും വാർധക്യത്തിൽ മക്കളുണ്ടാവുമെന്ന സന്തോഷ വാർത്തകൾ അറിയിച്ചതും മനുഷ്യരൂപത്തിൽ വന്ന മാലാഖമാർ തന്നെയായിരുന്നു. ആ സംഭവങ്ങളും വിവരിച്ചിട്ടുണ്ട് ബൈബിളിലും ഖുർആനിലും. എത്രയോ കാലങ്ങളായി മനുഷ്യർ അതു വിശ്വസിക്കുകയും ചെയ്യുന്നു! അതുപോലെത്തന്നെയാണ് മൂസാ നബി

യുടെ കാര്യവും. സീനായ് പർവതത്തിൽ വെച്ച് അദ്ദേഹം ദൈവവുമായി നേരിട്ടു സംസാരിച്ചുവെന്നും കൽപനകൾ പാറയിൽ എഴുതിക്കൊടുത്തുവെന്നും യഹൂദ-ക്രൈസ്തവ-ഇസ്‌ലാം മതക്കാരെല്ലാം വിശ്വസിക്കുന്നുണ്ട്.

പക്ഷേ, ഖുർആന്റെ കാര്യത്തിലാവുമ്പോൾ ചിലർക്ക് അവിശ്വാസം തോന്നാൻ എന്തേ കാരണം? ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്നും അവന്റെ മാർഗങ്ങൾ വിവിധങ്ങളാണെന്നും വിശ്വസിക്കുന്നതല്ലേ ഉത്തമം?

മനുഷ്യവർഗത്തെ അറിയിക്കുന്നതിനുവേണ്ടി ദൈവത്തിന്റെ സന്ദേശങ്ങൾ പല സന്ദർഭങ്ങളിലായി ഗബ്രിയേൽ മാലാഖ വഴി മുഹമ്മദ് നബിക്ക് എത്തിച്ചുകൊടുക്കുകയായിരുന്നു. അതിന്റെ സമാഹാരമാണ് പരിശുദ്ധ ഖുർആൻ.

ഖുർആന്റെ അവതരണം 23 കൊല്ലം കൊണ്ടാണ് പൂർത്തിയായത്. അതിനെപ്പറ്റി ഖുർആൻ പറയുന്നു:

"നാം ഈ ഖുർആൻ ഇറക്കിയത് സത്യസന്ദേശവുമായാണ്. സത്യനിഷ്ഠമായിത്തന്നെ അത് ഇറങ്ങുകയും ചെയ്തിരിക്കുന്നു. ശുഭവാർത്ത അറിയിക്കുന്നവനും താക്കീതു നൽകുന്നവനുമായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

ഈ ഖുർആനിനെ നാം പലഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. നീ ജനങ്ങൾക്ക് സാവധാനം ഓതിക്കൊടുക്കാൻ വേണ്ടിയാണിത്. നാമതിനെ ക്രമേണയായി ഇറക്കിത്തന്നിരിക്കുന്നു.

പറയുക: നിങ്ങൾക്കിത് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. എന്നാൽ ഇതിനു മുമ്പെ ദിവ്യജ്ഞാനം ലഭിച്ചവർ ഇത് വായിച്ചു കേൾക്കുമ്പോൾ മുഖം കുത്തി സാഷ്ടാംഗം പ്രണമിക്കുന്നതാണ്.

അവർ പറയും: ഞങ്ങളുടെ നാഥൻ എത്ര പരിശുദ്ധൻ. ഞങ്ങളുടെ നാഥന്റെ വാഗ്ദാനം നിറവേറ്റപ്പെടുന്നതു തന്നെ.

അവർ കരഞ്ഞുകൊണ്ട് മുഖം കുത്തിവീഴുന്നു. അതവരുടെ ഭയഭക്തി വർധിപ്പിക്കുന്നു" (17: 105-109).

(തുടരും)